"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2025-26 - കരവാരം ഗ്രാമ പഞ്ചായത്ത് - 2023-24 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ആടുവളർത്തൽ പദ്ധതിയിലെ (പ്രോജക്ട് നമ്പർ 162/2023-24) ഗുണഭോക്താവിന് സബ്സിഡി തുക നൽകുന്നതിനായി വികസന ഫണ്ട് - പൊതു വിഭാഗത്തിൽ നിന്നും അനുവദിച്ചതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ.(സാധാ)നം.3490/2025/ധന തീയതി, തിരുവനന്തപുരം, 08-04-2025

പരാമർശം : 1. കരവാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 06/02/2025 ലെ എസ്.സി1-1160/2024 നം. കത്ത്

2. 07/03/2025 തീയതിയിലെ ആറ്റിങ്ങൽ സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം.

3. സ.ഉ.(പി) നം. 86/2016/ധന തീയതി: 17.06.2016.

## ഉത്തരവ്

2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കരവാരം ഗ്രാമപഞ്ചായത്ത് വെറ്റിനറി ഡിസ്പെൻസറി വഴി നടപ്പാക്കിയ ആടുവളർത്തൽ പദ്ധതിയിലെ (പ്രോജക്ട് നമ്പർ 162/2023-24) ഗുണഭോക്താവായ ശ്രീമതി ലീലാമണിക്ക് ആടിനെ നൽകിയ ശ്രീമതി ബിന്ദു.വി.എസ് എന്നയാൾക്ക് സബ്സിഡി തുക നൽകുന്നതിനായി വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും അനുവദിച്ചതും അക്കൗണ്ട് നമ്പറിലെ പിശക് കാരണം ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ 3250/- രൂപ പുനരനുവദിക്കാനായി പരാമർശം (1) പ്രകാരം കരവാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കരവാരം ഗ്രാമപഞ്ചായത്ത് വെറ്റിനറി ഡിസ്പെൻസറി വഴി നടപ്പാക്കിയ ആടുവളർത്തൽ പദ്ധതിയിലെ (പ്രോജക്ട് നമ്പർ 162/2023-24)

ഗുണഭോക്താവായ ശ്രീമതി ലീലാമണിക്ക് ആടിനെ നൽകിയ ശ്രീമതി ബിന്ദു വി.എസ്
എന്നയാൾക്ക് സബ്സിഡി തുക നൽകുന്നതിനായി സൂചന (2) ലെ ആറ്റിങ്ങൽ സബ് ട്രഷറി
ഓഫീസറുടെ സാക്ഷ്യപത്രിത്തിന്റെയും, സൂചന (3) ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ
നടപ്പ് സാമ്പത്തിക വർഷത്തെ വികസന ഫണ്ടിന്റെ 3604-00-200-81-(05)-35 (പൊതു
വിഭാഗം) ശീർഷകത്തിൽ നിന്നും കരവാരം ഗ്രാമപഞ്ചായത്തിന് (G010203) ₹3250/- രൂപ
(മൂവായിരത്തി ഇരുന്നൂറ്റി അൻപത് രൂപ മാത്രം) പുനരനുവദിച്ച് ഉത്തരവാകുന്നു.

3. മേൽ തുക പിൻവലിച്ച് ശ്രീമതി. ബിന്ദു.വി.എസ് ന്റെ അക്കൗണ്ടിലേയ്ക്ക് ഒരു മാസത്തിനുള്ളിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് കരവാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**

**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, കരവാരം ഗ്രാമപഞ്ചായത്ത് , തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

ധനകാര്യ (ബി.ഡബ്ല്യു-ജെ / ഡെവലപ്.വിംഗ്/ എസ്.എസ് ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 3056648)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ